**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 995** **25.01.2018 ലെ മറുപടി**

**ചാലശ്ശേരി പാവറട്ടി കുടിവെള്ളപദ്ധതി**

| ചോദ്യം<br>**ശ്രീ.മുരളി പെരുനെല്ലി** | മറുപടി<br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) മണലൂർ മണ്ഡലത്തിലെ ചാലിശ്ശേരി പാവറട്ടി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | എ) 2012 എസ്.എൽ.എസ്.സി.യിൽ അനുമതി ലഭിച്ച പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം എന്ന പ്രവർത്തിയുടെ തുടർച്ചയായാണ് മണലൂർ മണ്ഡലത്തിലെ പാവറട്ടി- മുല്ലശ്ശേരി ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | ബി & സി) പാവറട്ടി-മുല്ലശ്ശേരി ശുദ്ധജലവിതരണ പദ്ധതിക്ക് 01.03.2016 ൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1360 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ താഴെപ്പറയുന്ന 3 പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>1. ചാവക്കാട് താലൂക്ക് മുതൽ പാവറട്ടി മുല്ലശ്ശേരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളികൾ വരെയുള്ള ഗ്രാവിറ്റി മെയിൻ<br><br>2. പാവറട്ടി പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തി<br><br>3. മുല്ലശ്ശേരി പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തി<br><br>മേൽപ്പറഞ്ഞ 3 പ്രവർത്തികൾക്കും ദർഘാസ് നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ വന്നിട്ടുള്ള കുറവു കാരണം ചാവക്കാട് താലൂക്ക് മുതൽ പാവറട്ടി മുല്ലശ്ശേരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾ വരെയുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവർത്തിയുടെ ദർഘാസിനു മാത്രം അനുമതി നൽകുകയുണ്ടായി. മറ്റ് 2 പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. |

Renuka Sankar

സെക്ഷൻ ഓഫീസർ